ഉത്തരം

ക്ഷേത്രങ്ങളിലെ പൂജാരിമാർ തൊഴിൽ തർക്ക നിയമപ്രകാരം തൊഴിലാളി എന്ന നിർവ്വചനത്തിൽ വരുന്നവരല്ല. എന്നിരുന്നാലും പൂജാരികൾ ഉൾപ്പെടെയുള്ള എല്ലാ ക്ഷേത്ര ജീവനക്കാർക്കും ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധികൾ

100 [1239] ശ്രീ. വി. കെ. ചന്ദ്രൻ:
,, ടി. കെ. ബാലൻ:
,, കെ. വി. കുഞ്ഞിരാമൻ:
ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; ഇപ്പോൾ കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധികളെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സർക്കാരിന്റെ വീഴ്ചകൾ പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) ഇതിനകം എത്ര ഡിപ്പോകൾ അടച്ചുപൂട്ടുകയുണ്ടായി;

(ഡി) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതും റൂട്ടുകൾ പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതും ഓപ്പറേഷനെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നതായി സർക്കാരിനറിയാമോ;

(ഇ) കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി സംഘടനകൾ സർക്കാരിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് സംഘടനാ പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്യാനും പ്രശ്നങ്ങൾ പരിഹരിക്കാനും സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ഈ സമിതി വിശദമായ പഠനത്തിനുശേഷം 32 ശുപാർശകൾ അടങ്ങുന്ന ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ഉണ്ടായി. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ജി.ഒ. (ആർടി.) നം. 174/03/ട്രാൻ. നമ്പരായി 5-6-2003-ൽ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവർത്തനച്ചെലവ് വർദ്ധിക്കുകയും അതനുസരിച്ചുള്ള വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമാണ് പ്രധാനമായിട്ടുള്ള പ്രതിസന്ധി.

(ബി) പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉന്നതാധികാര സമിതി സമർപ്പിച്ചിട്ടുള്ള ശുപാർശകൾ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി ഭരണപരമായ ചെലവുകൾ കുറച്ചുകൊണ്ടും സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കിയും പ്രവർത്തനക്ഷമത കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു ഡിപ്പോയും അടച്ചുപൂട്ടിയിട്ടില്ല.

(ഡി) അറിയാം.

(ഇ) യൂണിയനുകൾ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങളെല്ലാംതന്നെ സാമ്പത്തിക ബാദ്ധ്യതയുള്ളവയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന കോർപ്പറേഷന് ഈ ആവശ്യങ്ങൾ ഇപ്പോൾ അംഗീകരിക്കുവാൻ കഴിയുകയില്ല. സാമ്പത്തിക നില മെച്ചപ്പെടാതെ ചർച്ച നടത്തിയതുകൊണ്ട് പ്രയോജനം ഉണ്ടാകുമെന്ന് കരുതുന്നില്ല. എങ്കിലും ചർച്ച നടത്താൻ സന്നദ്ധമാണ്.

ദേശസാൽകൃത റൂട്ടുകളിൽ നിന്നുള്ള വരുമാനം

101 [1240] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ഓരോ ദേശസാൽകൃത റൂട്ടിൽനിന്നും 1997-98 മുതൽ 2002-03 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ലഭിച്ച വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി. റൂട്ട് തിരിച്ചുള്ള വരുമാനത്തിന്റെ കണക്ക് തയ്യാറാക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ പുതിയതരം ബസ്സുകൾ

102 [1241] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യിൽ എത്രമാത്രം വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വർദ്ധനവിന് കാരണമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ പുതിയതരം ബസ്സുകൾ നല്ല സർവ്വീസ് നൽകുന്നു എന്ന പൊതുജനങ്ങളുടെ അഭിപ്രായം മാനിച്ച് ഇത്തരത്തിലുള്ള കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് പ്രതിദിന കളക്ഷൻ 1.62 കോടി രൂപയായിരുന്നത് ഈ സർക്കാർ അധികാരമേറ്റശേഷം 1.79 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ബി) നഷ്ടത്തിലോടുന്ന ഷെഡ്യൂളുകളും ട്രിപ്പുകളും നിർത്തലാക്കുകയും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനഃക്രമീകരിക്കുകയും ചെയ്തതുവഴി വരുമാനവർദ്ധനവുണ്ടായി.

(സി) കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly